"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് -ജീവനകാര്യം മലപ്പുറം ജില്ല ഊരകം ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലർക്ക് - ശ്രീ. ഇബ്നു അബ്ദുൽ മാലിക് മണക്കോട്ട്- ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് -ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.**2058/2026/LSGD**തീയതി,തിരുവനന്തപുരം, **31-10-2026**

പരാമർശം:-

1. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ **09.03.2012**ലെ ഡി**3-100/2012** നമ്പർ നടപടിക്രമങ്ങൾ.
2. തദ്ദേശസ്വയംഭരണവകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ **13.08.2026**ലെ **LSGD/JD/MPM/3649/2026-A3** നമ്പർ നടപടിക്രമങ്ങൾ.
3. തദ്ദേശസ്വയംഭരണവകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ **04.09.2026**ലെ **LSGD/JD/MPM/3649/2025-A3** നമ്പർ നടപടിക്രമങ്ങൾ.
4. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **20.10.2026** ലെ **LSGD/PD/31212/2026-DEC4** നമ്പർ കത്ത്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ഇബ്നു അബ്ദുൽ മാലിക് മണക്കോട്ട്- ന്റെ പ്രൊബേഷൻ കാലയളവ് **22.03.2015** മുതൽ **26.08.2019** വരെ ദീർഘിപ്പിക്കുന്നതിനായി പരാമർശം **(4)** പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. പരാമർശം **(1)** പ്രകാരം മുൻ പഞ്ചായത്ത് വകുപ്പിൽ മുതുവല്ലൂർ

ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലർക്ക് തസ്തികയിൽ **22.03.2012** തീയതിയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ഇബ്നു അബ്ദുൽ മാലിക് മണക്കോട്ട്-ന്റെ ക്ലർക്ക് തസ്തികയിലെ നിയമനം പരാമർശം **(2)** പ്രകാരം **22.03.2012** തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാൾ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ സേവനകാലം **21.03.2014** തീയതിയിൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ വിജയിച്ചത് **24.08.2019** നാണ്. ടിയാന്റെ സേവനവും സ്വഭാവവും തൃപ്തികരമാണെന്നും ടിയാനെതിരെ അച്ചടക്ക നടപടികളോ/ വിജിലൻസ് കേസുകളോ നിലവിലില്ലെന്നും ടിയാൻ ആകസ്മികാവധികളല്ലാതെ മറ്റവധികളൊന്നും വിനിയോഗിച്ചിട്ടില്ലെന്നും ടിയാൻ കെപിഇപിഎഫ്, എസ് എൽ ഐ, ജി ഐ എസ് , എന്നിവയിൽ അംഗത്വമെടുത്തിട്ടുള്ളതായും ഊരകം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരാമർശം **(3)** പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് **22.03.2014** മുതൽ **21.03.2015** വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം **(4)** പ്രകാരമുള്ള ശിപാർശ പരിഗണിച്ച്, മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ഇബ്നു അബ്ദുൽ മാലിക് മണക്കോട്ട്-ന്റെ പ്രൊബേഷൻ കാലയളവ് **KS&SSR Part-II, Rule 21** -ന് വിധേയമായി **22.03.2015** മുതൽ **26.08.2019** വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JASMI O P

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപു

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ.

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

സെക്രട്ടറി,ഊരകം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

ശ്രീ. ഇബ്നു അബ്ദുൽ മാലിക് മണക്കോട്ട് , ക്ലർക്ക് , ഊരകം ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

ഡയറക്ടർ . ഐ കെ എം.

ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).

കരുതൽ ഫയൽ (ഫയൽ നം.198/ഇപിഎ1/2026-എൽഎസ്ജിഡി).

ഉത്തരവിൻ പ്രകാരം

Digitally signed by Noushad. S
Date: 01-11-2026 14:43:43

സെക്ഷൻ ഓഫീസർ